മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം. ഇപ്പോൾ ഒരാക്ഷേപം കിട്ടീട്ടുണ്ട്. അതിനെ പരിഹരിക്കുവാൻ വേണ്ടതു ചെയ്യുന്നുണ്ടു്.

മിസ്റ്റർ കെ. എ. രാഘവൻ: ഉടനെതന്നെ അതിനു പരിഹാരം ചെയ്യാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൂടുന്ന വേഗത്തിൽ ചെയ്യുന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സാനിട്ടറി ഇൻസ്പെക്ടർമാർ ഈ കൃത്യം നടത്താറില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: ഇപ്പോൾ ഒരു ജി. പി. ഉണ്ടായിട്ടുണ്ടു്. ആ ആർഡർ പ്രകാരമാണു് ഇപ്പോൾ ചെയ്യുവരുന്നതു്. ഗവമ്മെണ്ടു് ആഫ് ഇൻഡ്യ ഇതിനു സ്പെഷൽ അപ്പീസേഴ്സിനെ വെച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: സാനിട്ടറി ഇൻസ്പെക്ടർമാരെകൊണ്ടു് ഈ ജോലി ചെയ്യിക്കുവാൻ പാടില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: ഒന്നര വയസ്സു്, രണ്ടുവയസ്സു്, നാലു വയസ്സു് എന്നൊക്കെ നോക്കി കൊല്ലുവാൻ പാടുള്ളതാണൊ എന്നു നിശ്ചയിക്കുവാനുള്ള അധികാരം ആർഡർപ്രകാരം ഗവ ഡാക്ടക്കാണു്.

മിസ്റ്റർ പി. കെ. ഡീവർ: ആ നിബന്ധനകൾഅനുസരിച്ചു ചെയ്യുവാൻ സാനിട്ടറി ഇൻസ്പെക്ടർമാരെ അധികാരപ്പെടുത്തിക്കൂടെ?

റാവു ബഹദൂർ ടി. കെ. നായർ: അതിനെ സംബന്ധിച്ചുള്ള കൂടുതൽ പരിചയം ഗവ ഡാക്ടർക്കാണെന്നാണു് വിചാരിക്കുന്നതു്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: വയസ്സായ ഗുഗങ്ങളെ കൊന്നു് ആ വക സാധനങ്ങൾ മനുഷ്യർ തിന്നുമ്പോൾ അതുകൊണ്ടുള്ള ദോഷം നേരിടുകയില്ലേ?

റാവു ബഹദൂർ ടി. കെ നായർ: ഗവമ്മെണ്ടു് ആഫ് ഇൻഡ്യ എന്തൊക്കെ ചെയ്യുന്നുവൊ അതുപോലെ പലതും ഇവിടെയും ചെയ്യേണ്ടിവരും. അവരുമായുള്ള ബന്ധം നിലനിൽത്തിപ്പോരുവാൻ അങ്ങിനെ ചെയ്യേണ്ടതു് ആവശ്യമാണു്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: അങ്ങിനെ ചെയ്യിട്ടല്ലെ തുശ്ശിവപേരൂരിലുള്ള അധികം ആളുകളുടെയും തലയുടെ പിന്നിൽ മുഴ കാണുന്നതു്? (ചിരി).

PAY OF PANCHAYAT CLERKS AND PEONS

13. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പഞ്ചായത്തു ക്ലാർക്കുമാരുടേയും ശിപായിമാരുടേയും ശമ്പളം അതായതു പഞ്ചായത്താപ്പീസ്സുമുഖേനതന്നെയാണൊ വിതരണം ചെയ്യുന്നതു്;

(ബി) ഓവർസിയരാപ്പീസ്സിലോ, ഇൻസ്പെക്ടരാപ്പീസ്സിലോ പോയി ശമ്പളം വാങ്ങിക്കൊള്ളേണ്ടതാണെന്നു കാണിച്ചു് പഞ്ചായത്തു ഡയറക്ടർ അവർകൾ ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഇപ്പോൾ അതായതു പഞ്ചായത്തുമുഖേനയാണു് വിതരണം ചെയ്യുന്നതു്.

(ബി) ഉണ്ടു്. എന്നാൽ അതു പിന്നീടു റദ്ദുചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. എ രാഘവൻ: ഇനിയുള്ള ശമ്പളമെല്ലാം പഞ്ചായത്താപ്പീസ്സു് മുഖേനതന്നെ ക്ലാർക്കുമാർക്കു കിട്ടുമൊ?

റാവു ബഹദൂർ ടി. കെ. നായർ: തീച്ചയായിട്ടും.

മിസ്റ്റർ കെ. എ. രാഘവൻ: കഴിഞ്ഞമാസംവരെ ശമ്പളം ആഫീസ്സുമുഖേന കിട്ടിയിട്ടില്ല.

റാവു ബഹദൂർ ടി. കെ. നായർ: "പിന്നീടു റദ്ദു ചെയ്തിട്ടുണ്ടു്" എന്നു പറഞ്ഞിരിക്കുന്നതു് അതാണു്.

LIBRARY ARCHIVES Kerala Legislative Assembly